പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2579 07.10.2016 ൽ മറുപടിക്ക്

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്.ശർമ്മ | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ; | (എ) യോഗം വിളിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത യോഗത്തിൽ എന്തെല്ലാം വിഷയങ്ങളാണ് ചർച്ചയായതെന്നും, തീരുമാനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (ബി) 22.07.2015 ൽ ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും പൊതുമരാമത്ത് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും കൂടിയ യോഗത്തിൽ ചർച്ച ചെയ്ത വിഷയങ്ങളെ സംബന്ധിച്ച് വിവരം ചുവടെ ചേർക്കുന്നു.<br>എറണാകുളത്ത് വൈപ്പിൻ--പള്ളിപ്പുറം റോഡ് വീതി കുട്ടകയും വാഹന ഗതാഗതം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ ഗതാഗത കുരുക്കുകൊണ്ട് ബുദ്ധിമുട്ടുന്ന വൈപ്പിൻ - പള്ളിപ്പുറം റോഡിൽ പൊതുഗതാഗതം നിയന്ത്രിക്കുന്നതിനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ചിന്തിക്കേണ്ടതിന്റെ ആവശ്യകത ബഹു. ഗതാഗത വകുപ്പ് മന്ത്രി വിവരിച്ചു. ഇരുപത്തിഅഞ്ചര കിലോമീറ്റർ ദൈർഘ്യമുള്ള ഈ സംസ്ഥാന പാതയിൽ പ്രസ്തുത പ്രോജക്ട് പൂർണ്ണമായും നടപ്പിലാക്കുന്നതിന് 26.21 കോടി ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br>പ്രസ്തുത പ്രോജക്ട് മുഴുവനായും തത്വത്തിൽ അംഗീകരിക്കാനും ഒന്നാം ഘട്ടമായി ആറുമാസം കൊണ്ടു പൂർത്തിയാക്കാനാവുന്ന പദ്ധതികൾ പരിഗണിക്കാനും പൊതുമരാമത്തു മന്ത്രിയും ഗതാഗത മന്ത്രിയും നിർദ്ദേശിച്ചു. ആദ്യഘട്ടത്തിൽ നടപ്പാത എം.എസ്. ഹാൻഡ് റീൽ, ഡ്രെയിനേജ് എന്നിവയ്ക്ക് പ്രാമുഖ്യം നൽകണമെന്ന് |

തീരുമാനിച്ചു. പരസ്യ ബോർഡുകൾ സ്ഥാപിക്കാനുള്ള സൗകര്യം ചെയ്ത് ഫണ്ട് സ്വരൂപിക്കാനാകുമെന്നും നിർദ്ദേശിക്കപ്പെട്ടു.

നടപ്പാത ഇല്ലാത്ത 27 കി.മി റോഡിന്റെ പലയിടത്തും ഗതാഗതക്കുരുക്കുമൂലം വീർപ്പുമുട്ടുകയാണെന്നും അത്തരം സ്ഥലങ്ങളിൽ ഇരുചക്രവാഹനങ്ങൾ കടക്കാത്തവിധം അൽപം ഉയർത്തി നടപ്പാത പണിയേണ്ടതാണെന്നും തീരുമാനിച്ചു, കൂടതെ,

26.21 കോടി രൂപയുടെ ഇ-യാത്ര തത്ത്വത്തിൽ അംഗീകരിച്ചു. ഇത് സംബന്ധിച്ച് സമർപ്പിച്ച പഠന റിപ്പോർട്ട് വിശകലനം ചെയ്ത് വിശദമായി പരിശോധിച്ചതിനു ശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി പദ്ധതി പൂർത്തിയാക്കണം. ഇത് സംബന്ധിച്ച വിശദമായ ഒരു പ്രോപ്പോസൽ റോഡ് സുരക്ഷാ കമ്മീഷണർ സർക്കാരിന് സമർപ്പിക്കണം. അതിൽ ആറ് മാസങ്ങൾകൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾക്ക് മുൻഗണന നൽകണമെന്നും പ്രോജക്റ്റിന്റെ ചെയർമാൻ ഗതാഗത വകുപ്പ് മന്ത്രിയും കോ--ചെയർമാൻ പൊതുമരാമത്ത് മന്ത്രിയും ആയിരിക്കുമെന്നും കൊച്ചി കോർപ്പറേഷന്റെ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി ഈ വിഷയം ഉടനടി ചർച്ചചെയ്യണമെന്നും പദ്ധതിയുടെ നടത്തിപ്പിനുള്ള മുൻഗണനാ ക്രമം എം.എൽ.എ തീരുമാനിച്ച് നൽകണമെന്നും തീരുമാനിച്ചു

| | |
|---|---|
| (സി) യോഗ തീരുമാനങ്ങളിൽ ഇനിയും നടപ്പാക്കാനുള്ളവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ മൂവാറ്റുപുഴ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് 26.09.2015 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ